**കേരള കാർഷിക സർവകലാശാല**
**ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര**
**കെഎയു പി .ഒ, വെള്ളനിക്കര, തൃശ്ശൂർ - 680656, Ph: 0487-2961457, e-mail: ifvka@kau.in**

നം. COAVKA/58/2026-IF-A1 തീയതി. വെള്ളാനിക്കര, 21-01-2026

# ദർഘാസ്/ലേല നോട്ടീസ്

വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിലെ 1020 തെങ്ങുകളിൽ നിന്നും കരിക്കും, നാളികേരവും വിളവെടുക്കുന്നതിനുള്ള അവകാശം താഴെ പറയുന്ന നിബന്ധകൾക്ക് വിധേയമായി **ദർഘാസ്** /ലേലം വഴി നൽകാൻ തീരുമാനിച്ചിരിക്കുന്നു. താല്പര്യമുള്ള വ്യക്തികൾക്ക് പങ്കെടുക്കാവുന്നതാണ്.

| ക്രമ നം. | വിളകൾ | എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|---|
| **1.** | തെങ്ങുകൾ | 1020 | Rs. 14000/- | **മൂപ്പെത്തിയ നാളികേരം 01/02/2026 മുതൽ 31/01/2027 വരെ** |
| | | | | **കരിക്ക് 01/02/2026 മുതൽ 02/11/2026 വരെ** |

**<u>നിബന്ധനകൾ</u>**

| | |
|---|---|
| **പരസ്യ ലേല തിയതി** | **29/01/2026, 12.00 PM** |
| നിരതദ്രവ്യം ഒടുക്കേണ്ട സമയം | 29/01/2026, 11.50 AM വരെ |
| താല്പര്യമുള്ളവർക്ക് ദർഘാസ് ഫോറം ലഭിക്കുന്നത് | 1,416/- രൂപക്ക് (1,200/- + ജി.എസ്.ടി. 18%) **29/01/2026, 11.30 AM വരെ** |
| ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | **29/01/2026, 11.50 AM വരെ** |
| ദർഘാസ് സമർപ്പിക്കുന്നവർ കവറിനു പുറത്ത് എഴുതേണ്ടത് | കരിക്ക്, നാളികേരം വിളവെടുക്കുന്ന തിനുള്ള ദർഘാസ് - 2026 |
| ദർഘാസ് തുറക്കുന്ന തീയതിയും, സമയവും | പരസ്യലേലത്തിന് ശേഷം |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | പ്രൊഫസർ ആന്റ് ഹെഡ് ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര, കെ.എ.യു. P O. 680656 |

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.50 AM മണിക്ക് മുമ്പായി നിരതദ്രവ്യം അടച്ചിരിക്കേണ്ടതാണ്. നിരതദ്രവ്യം നിശ്ചിത സമയത്തിന് മുമ്പ് കെട്ടിവച്ചവരെ മാത്രമേ ലേലം/ ദർഘാസ് പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. നിരതദ്രവ്യം പണം/ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന ഫാം ഓഫീസിൽ അടക്കേണ്ടതാണ്.

2.ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. മറ്റു തരത്തിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചാൽ അതിന് ഫാമിന് യാതൊരു തരത്തിലുള്ള ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

3.ദർഘാസ് /ലേലത്തിൽ പങ്കെടുക്കുന്നവർ അംഗീകൃത തിരിച്ചറിയൽ കാർഡും പാൻ കാർഡും കൊണ്ടു വരേണ്ടതാണ്.

4.നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ദർഘാസ് സ്വീകരിക്കുന്നതല്ല. ദർഘാസ് സമർപ്പിക്കുന്നവർ തുക വളരെ വ്യക്തമായി അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം.

5. ദർഘാസ് സമർപ്പിച്ചിരിക്കുന്നവർക്കും താല്പര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

6.മേൽ തിയതിയിൽ രാവിലെ 12 മണിക്ക് സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പരസ്യലേലം

നടത്തുന്നതും, തുടർന്ന് ലഭിച്ചിട്ടുള്ള ദർഘാസുകൾ തുറക്കുന്നതും, ആയതിൽ ഏറ്റവും കൂടുതൽ തുക നിർദ്ദേശിച്ചിട്ടുള്ള ദർഘാസ്/ലേലക്കാരന്റെ പേരിൽ ഫാം മേധാവിയുടെ യുക്താനുസരണം ദർഘാസ്/ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്.

7.നീര പ്രോജക്ടുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തുന്നതിനായി 50 തെങ്ങുകൾ വിവിധ ബ്ലോക്കുകളിൽ നിന്നായി തിരഞ്ഞെടുത്തിട്ടുണ്ട്. കരാർ കാലയളവിൽ നീര പ്രൊജക്ടിനായി തെങ്ങുകൾ തിരഞ്ഞെടുക്കുന്നതിനും, അവയിൽ നിന്നു ആവശ്യാനുസരണം ടാപ്പിംഗ് നടത്തുന്നതിനുമുള്ള അധികാരം ഫാമിൽ നിക്ഷിപ്തമാണ്.

8.വിളവെടുപ്പ് കാലാവധി തീരുന്നതിന് 90 (തൊണ്ണൂറ്) ദിവസത്തിനു മുമ്പുവരെ മാത്രമേ കരിക്ക് വെട്ടിയെടുക്കുവാൻ പാടുള്ളൂ. ഏഴു മാസത്തിൽ മൂപ്പുകുറഞ്ഞ കരിക്കുകൾ വെട്ടുവാൻ പാടുള്ളതല്ല. പരാഗണത്തിനായി മാറ്റിവെച്ച 130 തെങ്ങുകളിൽ നിന്നും വിളവെടുക്കുന്നതിന് കരാറുകാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. മറിച്ച് ചെയ്യുന്നപക്ഷം കരാർ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

9.വിത്ത്തേങ്ങ/തേങ്ങ/കരിക്ക് എന്നിവ ഫാമിൽ നിന്ന് ആവശ്യപ്പെടുമ്പോൾ അപ്പോഴത്തെ തേങ്ങയുടെ മാർക്കറ്റ് വിലയ്ക്ക് നൽകേണ്ടതാണ്.

10.തെങ്ങിന്റെ **ദർഘാസ്** /ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ തുകയുടെ മൂന്നിൽ ഒരു ഭാഗം അപ്പോൾ തന്നെ കെട്ടി വെയ്ക്കേണ്ടതാണ്. ബാക്കി തുക രണ്ട് തുല്യ തവണകളായി (26/03/2026, 28/05/2026) അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ദർഘാസ്ലേലം/ ഉടനടി റദ്ദു ചെയ്യുന്നതും ദർഘാസ്/ലേലത്തിൽ ഉണ്ടാകുന്ന നഷ്ടം ആദ്യ ദർഘാസ്/ലേലക്കാര നിൽ നിന്നും ഈടാക്കുന്നതുമാണ്.

11. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യമായ 14000/- രൂപ, പരാതികൾ ഇല്ലാത്ത പക്ഷം, തേങ്ങ വിളവെടുപ്പ് കാലാവധി കഴിഞ്ഞതിനുശേഷം (31/01/2027 നു ശേഷം), തിരികെ നൽകുന്നതായിരിക്കും.

12.ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി വിളയുടെ ഗുണനിലവാരം, തെങ്ങുകളുടെ എണ്ണം ഓഫീസ് സമയങ്ങളിൽ (രാവിലെ 10.30 മുതൽ വൈകിട്ട് 4.00 വരെ) ഫാം സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി നേരിൽ കണ്ട് ബോധ്യപ്പെട്ടുക്കൊള്ളേണ്ടതാണ്. ദർഘാസ്/ലേലം ഉറപ്പിച്ചതിനുശേഷം ഇതുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

13.തെങ്ങിന്റെ വിളവെടുപ്പ് ദിവസം മുൻകൂട്ടി അറിയിക്കേണ്ടതും ഫാം സൂപ്രണ്ട് ചുമതല പ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ വിളവെടുപ്പ് നടത്തേണ്ടതുമാണ്. ഓരോ വിളവെടുപ്പിലും തെങ്ങൊന്നിന് ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ പുറത്ത് കൊണ്ടുപോകുവാൻ പാടുള്ളൂ.

14. ഫാം സൂപ്രണ്ടിന്റെ അനുവാദത്തോടെ, പ്രവൃത്തി ദിവസങ്ങളിൽ, പ്രവർത്തി സമയത്ത് മാത്രമേ വിളവെടുപ്പ് അനുവദിക്കുകയുള്ളൂ. ഓരോ ദിവസവും വിളവെടുക്കുന്ന തേങ്ങ/കരിക്ക് **4.00 PM** ന് മുമ്പായി ഫാമിൽ നിന്നും ഔട്ട് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. (ഫാമിൽ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല). അവധി ദിവസങ്ങളിൽ വിളവെടുപ്പ് അനുവദിക്കുന്നതല്ല.

15.ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഫാമിൽ നിന്നു നൽകുന്ന പാസ്സുകൾ കൈവശം വെച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനയ്ക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം ഫാം സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

16.വിളവെടുക്കുമ്പോൾ ഫാമിലെ വസ്തു വകകൾക്കോ, തെങ്ങിലെ ഇടവിളകൾക്കോ, മറ്റു വിളകൾക്കോ കേടുപാടുകൾ വരുത്താൻ പാടില്ല. മറിച്ച് സംഭവിക്കുന്ന പക്ഷം ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

17.തെങ്ങിൽ നിന്ന് തേങ്ങ അല്ലാതെ പട്ട, കൊതുമ്പ് പോലുള്ള മറ്റൊരു ഉൽപ്പന്നത്തിനും കരാർ ഉറപ്പിച്ച് നൽകുന്ന വ്യക്തിക്ക് യാതൊരുവിധ അധികാരവും ഉണ്ടായിരിക്കുന്നതല്ല.

18.രൂക്ഷമായ രോഗകീടബാധമൂലമോ, ഈ സ്ഥാപനത്തിന്റെയോ സർക്കാരിന്റെയോ വികസന പരിപാടികൾക്ക് വേണ്ടിയോ ഏതെങ്കിലും തെങ്ങുകൾ വെട്ടി മാറ്റേണ്ടതുണ്ടെങ്കിൽ അതിനുള്ള അവകാശവും, യഥാസമയങ്ങളിൽ വിളപരിപാലനത്തിനും തെങ്ങിന്റെ മണ്ട വൃത്തിയാക്കിന്നതിനുമുള്ള അവകാശവും ഈ ഓഫീസിന് ഉണ്ടായിരി ക്കുന്നതാണ്. ആയത് **ദർഘാസ്** /ലേലം വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

**19.ദർഘാസ്** /ലേലം നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അന്തിമം ആയിരിക്കും. **ദർഘാസ്** /ലേലം

സംബന്ധമായ അന്തിമ തീരുമാനമെടുക്കുവാനും **ദർഘാസ്** /ലേലം റദ്ദ് ചെയ്യാനും മാറ്റി വെയ്ക്കാനുമുള്ള അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

**20.ദർഘാസ്** /ലേലം കൊണ്ടവ്യക്തി മേൽപ്പറഞ്ഞ **ദർഘാസ്** /ലേലം നിബന്ധനകൾ അടങ്ങിയ ഉടമ്പടി 200/- രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുമ്പായി നൽകേണ്ടതാണ്.

21.ഏതെങ്കിലും സാഹചര്യത്തിൽ നിശ്ചയിച്ച തിയ്യതിയിൽ ലേലം നടത്താൻ സാധിക്കാതെ വന്നാൽ പ്രൊഫസർ & ഹെഡ് നിശ്ചയിക്കുന്ന മറ്റൊരു തിയ്യതിയിലും, സമയത്തും **ദർഘാസ്** /ലേലം നടത്തുന്നതായിരിക്കും.

22. **ദർഘാസ്** /ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ **ദർഘാസ്** /ലേലം നിബന്ധനകൾ പാലിക്കാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതും, അടച്ച തുക മുഴുവൻ സർവകലാശാല യുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതുൾപ്പെടെയുള്ള മേൽ നടപടികൾക്ക് വിധേയനാക്കും.

23. ലേലം കൊണ്ട വ്യക്തി ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമ പ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ലേലം കൊണ്ട വ്യക്തി മാത്രമാണ്. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ലേലം കൊണ്ട വ്യക്തി മാത്രമായിരിക്കും ഉത്തരവാദി.

24.സർക്കാർ/സർവകലാശാല ക്വട്ടേഷൻ/ടെൻഡർ നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷനും ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ (10 AM മുതൽ 4.30 PM വരെ) നേരിട്ടോ, 0487-2961457/8281651457 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

Signed by
Anitha S
Date: 21-01-2026 12:37:52

**Dr. ANITHA S**
**Professor & Head**

സ്വീകർത്താവ് :- കേരളകാർഷികസർവകലാശാല വെബ് സൈറ്റ്, നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം), വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിന്റെ ഫെയ്സ് ബുക്ക് പേജ്,.

പകർപ്പ് :- ഷൈജു ഡി. ഒല്ലേക്കാട്ട്, ഫാം സൂപ്രണ്ട്